Malayala Manorama ; 14/10/2019




സിപിസിആർഐ കിദു ഗവേഷണ കേന്ദ്രത്തിൽ നടന്ന കാർഷിക മേള കാംപ്കോ പ്രസിഡന്റ് എസ്. ആർ.സതീഷ്ചന്ദ്ര ഉദ്ഘാടനം ചെയ്യുന്നു.

# സിപിസിആർഐ കിദു ഗവേഷണ കേന്ദ്രത്തിൽ കാർഷിക മേള

സുള്ള്യ● സിപിസിആർഐ കിദു ഗവേഷണ കേന്ദ്രത്തിൽ കാർഷിക മേള സംഘടിപ്പിച്ചു. മേളയുടെ ഭാഗമായി കാർഷിക പ്രദർശനം, സെമിനാറുകൾ എന്നിവ നടന്നു. ആയിരക്കണക്കിനു കർഷകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

രണ്ടു ദിവസത്തെ മേള കാർഷിക രംഗത്തെ ഗവേഷണങ്ങൾ, പുത്തൻ സാങ്കേതിക വിദ്യ, കൃഷി, ജല സംരക്ഷണം എന്നിവയുടെ അറിവു പകർന്നു നൽകി. ആധുനിക കാർഷിക യന്ത്രങ്ങൾ, തെങ്ങ്, കമുക്, കൊക്കോ തുടങ്ങി തോട്ടവിള മേഖലയിലെ പുത്തൻ കണ്ടെത്തലുകൾ, പുതിയ കൃഷി രീതികൾ എന്നിവ മേള പരിചയപ്പെടുത്തി. നൂറോളം സ്റ്റാളുകളും ഒരുക്കിയിരുന്നു. വിവിധ ഇനം കാർഷിക വിത്തുകൾ, തൈകൾ, വളം, കീടനാശിനികൾ, ഔഷധങ്ങൾ, വിവിധ കാർഷിക ഉൽപന്നങ്ങളുടെ പ്രദർശനം, വിവിധ ഇനം പഴം. പച്ചക്കറിസസ്യങ്ങൾ, അടയ്ക്ക, ചക്ക തുടങ്ങി വിവിധ തരം വിഭവങ്ങളുടെ പ്രദർശനം എന്നിവ മേളയുടെ പ്രത്യേകതയായി. കാർഷിക മേഖലയിലെ വിവിധ വിഷയങ്ങളെ കുറിച്ചു നടന്ന സെമിനാറുകളിൽ വിദഗ്ധരും, ശാസ്ത്രജ്ഞരും ക്ലാസെടുത്തു.

കാംപ്കോ പ്രസിഡന്റ് എസ്. ആർ.സതീഷ്ചന്ദ്ര മേള ഉദ്ഘാടനം ചെയ്തു. കാസർകോട് സിപിസിആർഐ ഡയറക്ടർ ഡോ .അനിതാ കരുൺ അധ്യക്ഷത വഹിച്ചു. പുത്തൂർ താലൂക്ക് പഞ്ചായത്ത് പ്രസിഡന്റ് രാധാകൃഷ്ണ ബോർക്കർ, ദക്ഷിണ കന്നഡ ജില്ലാ പഞ്ചായത്ത് അംഗം പി.പി.വർഗീസ്, കുക്കെ സുബ്രഹ്മണ്യ ക്ഷേത്ര മാനേജിങ് ട്രസ്റ്റി നിത്യാനന്ദ മുണ്ടോഡി, ബിളിനെലെ പഞ്ചായത്ത് പ്രസിഡന്റ് ശാരദ, അംഗം സതീശ് കളിഗെ, ഗംഗാധര നായക്ക്, ഭാനു പ്രകാശ്, സിപിസിആർഐയിലെ ശാസ്ത്രജ്ഞരായ ഡോ.കെ.മുരളീധരൻ, ഡോ.രവി ഭട്ട്, ഡോ.വി. നിരാൽ, ഡോ.കെ.സംശുദീൻ തുടങ്ങിയവർ പ്രസംഗിച്ചു.